എഴുത്തുകാരന്റെ വില

കഴിഞ്ഞ ആഴ്ച ഒരു കോളേജിലേയ്ക്കു ചെല്ലാനുള്ള ക്ഷണം കിട്ടി. തൃപ്രയാറിനടുത്തുള്ള ഒരു ട്രെയിനിങ്ങ് കോളേജാണ്. അവർ രണ്ടു ദിവസത്തെ ഒരു ക്യാമ്പ് നടത്തുന്നുണ്ട്. അതിൽ ആദ്യത്തെ ദിവസം ഉച്ച തിരിഞ്ഞ് രണ്ടു മണിയ്ക്കാണ് എന്റെ സാന്നിദ്ധ്യം വേണ്ടത്. മലയാളം ഭാഷയാവട്ടെ വിഷയം. ഒന്നരയോ രണ്ടോ മണിക്കൂർ സംസാരിയ്ക്കണം. അതു കഴിഞ്ഞ് കുട്ടികളുമായി സംവദിയ്ക്കണം.

പ്രസംഗിയ്ക്കാനുള്ള മടി സ്വതസ്സിദ്ധമാണ്. കുട്ടികൾക്ക് ആവശ്യമുള്ളത് കൊടുക്കാനുള്ള കെൽപ് ഉണ്ടോ എന്ന സംശയം വേറെ. അതുകൊണ്ട് ഒഴിവാക്കിത്തരണമെന്ന് പറഞ്ഞു. അപ്പോൾ ഒഴിഞ്ഞുമാറരുത് എന്ന പ്രിൻസിപ്പലിന്റെ അപേക്ഷ. രണ്ടും കൽപിച്ച് സമ്മതിച്ചു. എങ്ങനെയാണ് വരുന്നത് എന്ന അന്വേഷണം. ഇവിടെ നിന്ന് വണ്ടി അയ്ക്കുന്നത് നഷ്ടമല്ലേ, നാലു പ്രാവശ്യം ഓടണ്ടേ, ഒരു വാഹനം വാടകയ്ക്കെടുത്തു വന്നോളൂ എന്ന് പ്രിൻസിപ്പൽ.

ഒരാൾക്കു മാത്രമായി യാത്ര ചെയ്യാൻ വാഹനം ഓടിയ്ക്കുന്നത് സുഖമുള്ള കാര്യമല്ലെന്നു തോന്നി. പണ്ട് ഞങ്ങളുടെ നാട്ടിലെ ഒരു ചടങ്ങിലേയ്ക്ക് വിളിച്ചപ്പോൾ ലീലാവതി ടീച്ചർ പറഞ്ഞത് ഓർമ്മ വന്നു: ''എനിയ്ക്കു മാത്രം യാത്ര ചെയ്യാൻ ഒരു കാറെടുക്കുകയോ! അതു നാഷണൽ വേയ്സ്റ്റ് അല്ലേ?'' ടീച്ചറേപ്പോലെയുള്ള ഒരു വന്ദ്യവയോധിക അങ്ങനെ പറഞ്ഞത് എന്നെ വല്ലാതെ ചിന്താക്കുഴപ്പത്തിലാക്കി. വാഹനം പിടിച്ചു പോരാൻ ടീച്ചറെ നിർബ്ബന്ധിയ്ക്കേണ്ടി വന്നു. തൃപ്രയാറിലേയ്ക്ക് തൃശ്ശൂരു നിന്ന് ഇരുപത്തഞ്ചിൽത്താഴെ കിലോമീറ്റർ ദൂരമേയുള്ളു. ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിൽനിന്ന് കയറിയിരുന്നാൽ മതി. വഴി പറഞ്ഞു തരാൻ ബുദ്ധിമുട്ടാണെന്ന് പ്രിൻസിപ്പിൽ പറഞ്ഞു. സാരമില്ല. തൃപ്രയാർ സ്റ്റാൻഡിലെത്തിയാൽ വിളിച്ചാൽ മതി. യൂണിയൻ ചെയർമാൻ എത്തിക്കോളും.

ബസ്സ് തൃപ്രയാർ എത്തി. നല്ല വെയിലുണ്ട്. ഒരു കടയുടെ ഉമ്മറത്തേയ്ക്കു കയറി നിന്ന് തന്ന മൊബൈൽ നമ്പറിൽ വിളിച്ചു. പത്തു മിനിട്ടിനകം യൂണിയൻ ചെയർമാൻ ശരത് എത്തി. ശരത് ഒരോട്ടോ റിക്ഷ വിളിച്ചു. രണ്ടു കിലോമീറ്ററോളം അകലെയായിരുന്നു കോളേജ്.

പ്രഭാഷണവും സംവാദവും കഴിഞ്ഞ് മടങ്ങാറായി. എങ്ങനെയാണ് വന്നതെന്ന് പ്രിൻസിപ്പൽ അന്വേഷിച്ചതേയില്ല. ശരത് യാത്രയാക്കാനെത്തി. കോളേജിന്റെ മുന്നിലുള്ള വഴിയിലേയ്ക്ക് നീങ്ങിനിൽക്കാമെന്നു പറഞ്ഞു. ''ഇവിടെ നിന്നാൽ മതി മാഷ്,'' ശരത് പറഞ്ഞു. ''തൃപ്രയാർക്ക് മടക്കവണ്ടികൾ കിട്ടും.'' വണ്ടി കിട്ടും വരെ ശരത് എനിയ്ക്കു കൂട്ടു നിന്നു. ഓട്ടോ റിക്ഷയിൽ കയറിയിരിയ്ക്കുമ്പോൾ ശരത് കൈ നീട്ടുമെന്നും ഒരു കവർ എന്റെ കയ്യിൽത്തരും എന്നുമൊക്കെ പ്രതീക്ഷിച്ചു. ചിലർ അത് കൈക്കൂലി തരുന്നതു പോലെ രഹസ്യമായാണ് തരിക. കൈക്കൂലി വാങ്ങുന്നത് മോശമാണ് എന്നൊക്കെ ചിലർ പറയുമെങ്കിലും ഇത്തരം കൈക്കൂലി എനിയ്ക്ക് ഇഷ്ടമാണ്. വണ്ടി ഇളകിയപ്പോൾ ശൂന്യമായ ഒരു കൈ തന്ന് ശരത് എന്നെ യാത്രയാക്കി.

മടക്കത്തിൽ ഞാൻ എന്നെത്തന്നെ ശപിയ്ക്കുകയായിരുന്നു. ഇത് ആദ്യത്തെ അനുഭവമൊന്നുമല്ല. പല സ്ഥലത്തേയ്ക്കും ചെല്ലുമ്പോൾ സംഘാടകരെ പരിസരത്തെങ്ങും കാണാറില്ല. എങ്ങനെ വന്നു എങ്ങനെ മടങ്ങുന്നു എന്ന അന്വേഷണമൊന്നും വെറുതെ പ്രതീക്ഷിയ്ക്കേണ്ട. അവർ പറയുന്ന സ്ഥലത്ത്, അവർ പറയുന്ന സമയത്ത് എത്തിക്കോളണം. പറയുന്ന സമയത്ത് എത്തണമെങ്കിലും ആ സമയത്തു തന്നെ ചടങ്ങ് തുടങ്ങിക്കോളണമെന്നില്ല. അതൊക്കെ അവരുടെ സൗകര്യം പോലെയിരിയ്ക്കും. നമ്മുടെ സമയത്തിനൊന്നും വലിയ വില കൽപിയ്ക്കേണ്ടതില്ല. തിരിച്ചു പോവാറായെങ്കിൽ സ്വയം സ്ഥലം കാലിയാക്കിക്കൊള്ളണം.

'ഓതിക്കനും പ്രാസംഗികനും' എന്ന ഒരു ലേഖനമുണ്ട്. ('എംആർബിയുടെ ഉപന്യാസങ്ങൾ', മാതൃഭൂമി ഗ്രന്ഥവേദി, 1988 സെപ്തംബർ, പുറം 195.) ഏതോ കലാസമിതിയുടെ വാർഷികത്തിന് ക്ഷണിയ്ക്കപ്പെട്ട് എം ആർ ബി തിരൂർക്ക് തീവണ്ടിയിൽ പോവാനൊരുങ്ങുകയാണ്. വണ്ടി രണ്ടു മണിക്കൂർ ലേറ്റാണ്. എന്താണ് വേണ്ടതെന്നു ആലോചിയ്ക്കുമ്പോൾ പ്ലാറ്റ് ഫോമിലെ ബെഞ്ചിലിരുന്ന് ഇട്ടീരി ഓതിക്കൻ മുറുക്കുന്നു. കലാസമിതി വാർഷികത്തിനാണ് യാത്രയെന്ന് അറിഞ്ഞപ്പോൾ ഓതിക്കൻ ചോദിയ്ക്കുന്നു. ''ആട്ടെ, വെളിച്ചാവുന്ന വരെ ഒറക്കൊഴിച്ചാൽ രാമനു വല്ല സമ്പാദ്യോംണ്ടാവോ?'' ഇല്ല എന്ന മറു

പടി കേട്ടപ്പോൾ ഓതിക്കൻ പറയുന്നു: ''എന്നാ പറയാലോ, രാമന്റെ ഇതൊക്കെ ക്ഷ കമ്പാവ്ണ്ണ്ടേയ്.'' യോഗസ്ഥലത്തെത്തി ഉപസംഹാരവും കഴിഞ്ഞ് ഇറങ്ങാൻ നോക്കിയ പ്പോൾ സംഘാടകൻ ഗോപി രാവിലെ പോയാൽ മതിയെന്ന് നിർബ്ബന്ധിയ്ക്കുന്നു. ''എമ്മാർബിയ്ക്ക് എന്തെങ്കിലും കഴിയ്ക്കണ്ടേ'' എന്ന അന്വേഷണവും. പഴം, റൊട്ടി, ചായ. കൈകഴുകിക്കഴിഞ്ഞപ്പോൾ ഗോപി എം ആർ ബിയോട്: ''ചെയ്ഞ്ചായിട്ടു കയ്യി ലുണ്ടോ?'' എം ആർ ബി പോക്കറ്റു തപ്പി. പത്തരയണ. ഗോപി യോഗസ്ഥലത്തേയ്ക്കു തിരക്കിട്ടു നീങ്ങുമ്പോൾ ''എനിയ്ക്കങ്ങോട്ടെത്താൻ....'' എന്ന് എം ആർ ബി പരുങ്ങി. അപ്പോഴാണ് ഗോപി പറയുന്നത്. ''ഇവിടെ എല്ലാം ഫ്രീയാണ്. ഞങ്ങൾ നോട്ടീസച്ചടി പ്പിച്ചു: ഫ്രീ. മൈക്ക് ഫ്രീ. നാടകം കളിയ്ക്കുന്നവർ ഫ്രീ.'' പിന്നാലെ അയാളുടെ വേദാന്തവും: ''ഇതൊക്കെപ്പിന്നെ ആർക്കു വേണ്ടിയാണ്? ജനങ്ങൾക്കു വേണ്ടി. അല്ലാതെ എം ആർ ബിയ്ക്കും എനിയ്ക്കുമൊക്കെ ഇതിലെന്താ?'' ഗോപി അണിയറയിലേയ്ക്കു നട ന്നപ്പോൾ ഓട്ടോഗ്രാഫിനു വേണ്ടി പിന്നാലെ പരുങ്ങിനടന്നിരുന്ന ചെറുപ്പക്കാരൻ എം ആർ ബിയുടെ മുന്നിലെത്തി. എം ആർ ബി എഴുതിക്കൊടുത്തു: ''ഒരോതിക്കനായാലും നിങ്ങൾ ഒരു പ്രാസംഗികനാവാതിരിയ്ക്കുക.''

കാലഗണന കൃത്യമായറിയില്ല. അമ്പതുകളിലോ അറുപതുകളിലോ എഴുതപ്പെട്ട ലേഖനമാവാനാണ് ഇട. കാര്യങ്ങൾക്ക് ഇപ്പോഴും വലിയ വ്യത്യാസമൊന്നും വന്നിട്ടില്ല. നിങ്ങൾ ഒരു സിനിമാതാരമല്ലെങ്കിൽ ഏറെക്കുറെ ഇതു തന്നെയാവും അനുഭവം. താരം എന്നു പ്രത്യേകം പറയണം. പാട്ടെഴുത്തുകാരനായിട്ടൊന്നും വലിയ ഗുണമില്ല എന്ന് റഫീക് അഹമ്മദിന്റെ ഒരനുഭവം കേട്ടപ്പോൾ മനസ്സിലായി. (എറണാകുളത്ത് ഏതോ ചട ങ്ങിലേയ്ക്കു ബസ്സു കയറിച്ചെന്നതും ആരും തിരിച്ചറിയാതിരുന്നതും മധു ബാലകൃഷ്ണൻ വന്നപ്പോൾ സംഘാടകർ എതിരേറ്റ് വിളിച്ചുകൊണ്ടു പോയതും താൻ റോഡിലേയ്ക്കിറങ്ങി നിന്നതും അപ്പോൾ വന്ന ഗുരുവായൂർ ഫാസ്റ്റിൽ കയറി തിരിച്ചു പോന്നതും ഒരിയ്ക്കൽ രസകരമായി പറഞ്ഞിട്ടുണ്ട് റഫീക്.)

ഇത്തരം അനുഭവങ്ങൾ മിക്ക എഴുത്തുകാർക്കും ഉള്ളതാണ്. ''പ്രസംഗത്തിന് ഒഴി വില്ല'' എന്ന് വിലാസിനി വീടിനു മുന്നിൽത്തന്നെ എഴുതി വെച്ചത് ഇങ്ങനെയുള്ള അനുഭവ ങ്ങൾ കുറേ ഉണ്ടായതിനു ശേഷമാവണം. കണക്കു പറഞ്ഞു വണ്ടിക്കൂലി വാങ്ങാനുള്ള മടിയാണ് മിക്ക എഴുത്തുകാർക്കും. എഴുത്തുകാർക്ക് എന്തെങ്കിലും കൊടുക്കേണ്ടതുണ്ട് എന്ന സംശയം പോലുമില്ലാത്തവരാണ് മിക്ക സംഘാടകരും എന്ന സത്യം വേറെ.

എം ആർ ബിയുടെ ഉപന്യാസത്തിനു ശേഷം കാലം ഏറെ കടന്നു പോയിരിയ്ക്കു ന്നു. ഇന്ന് സമ്മേളനങ്ങളും ചടങ്ങുകളും വളരെ ആഘോഷപൂർവ്വമാണ് നടക്കുന്നത്. എല്ലാത്തിനും ഒരു കാർണിവൽ സ്വഭാവമാണ്. വിളംബരജാഥ, വർണ്ണപ്പകിട്ടുള്ള ക്ഷണക്ക ത്തുകൾ, പോസ്റ്ററുകൾ, വേദിയ്ക്കു ചുറ്റും ബാനറുകൾ, പത്രങ്ങളിൽ വൻപരസ്യങ്ങൾ. മേളപ്പദവും താലമെടുപ്പും വെടിക്കെട്ടും അനിവാര്യം. പ്രസംഗം കേൾക്കാൻ വരുന്നവർക്ക് നാലുകൂട്ടം കറികളുമായി സദ്യ.

എല്ലാം ഗംഭീരമാണ്. പക്ഷേ പ്രസംഗിയ്ക്കാൻ വരുന്ന കോരന്റെ കാര്യം ഇന്നും കഷ്ടമാണ്. അവന് കുമ്പിളുമില്ല, കഞ്ഞിയുമില്ല.

സമ്മേളനങ്ങൾ മാത്രമല്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും ഏറിയേറി വരികയാ ണ്. ഓലക്കുടയും മുറുക്കാൻ ചെല്ലവുമായല്ല ഇന്നത്തെ ഇട്ടീരി ഓതിക്കന്റെ നടപ്പ്. ഓതി ക്കന്മാർക്കൊക്കെ ഇന്ന് നല്ല വിലയാണ്. ജനനം, കല്യാണം, മരണം. അവരേക്കൂടാതെ ഒന്നും നടക്കില്ല. വിമാനത്തിലോ കുറഞ്ഞ പക്ഷം തീവണ്ടിയിലെ മുന്തിയ ക്ലാസ്സിലോ ആണ് അവരുടെ യാത്ര. എല്ലാവരും അവരെ കാത്തിരിയ്ക്കുന്നു, കാൽ കഴുകിച്ച് വര വേൽക്കുന്നു, കനത്ത ദക്ഷിണ കാൽക്കൽ വെയ്ക്കുന്നു, കാറിൽക്കയറ്റി യാത്രയാക്കുന്നു.

വരുമോ അങ്ങനെയൊരു കാലം എഴുത്തുകാർക്കും?

(ജനയുഗം, 23.10.2013)